**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6214** **17-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെയുള്ള അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അറ്റകുറ്റപ്പണികൾക്കിടയിൽ അപകടത്തിൽ പ്പെടുന്നവരുടെ എണ്ണം മുൻ വർഷത്തെക്കാൾ കുറഞ്ഞിട്ടുണ്ട്. വൈദ്യുത അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനു കെ.എസ്.ഇ.ബി.എൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മുൻകാലങ്ങളിലെ അപകടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയുമ്പോൾ വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപണി കൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണത്തിൽ ദിനംപ്രതി വർദ്ധനവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദേശങ്ങൾ നല്കിയിട്ടുള്ളതിനാൽ അപകട ങ്ങളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. |
| (ബി) | ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്നുള്ളതിന്റെ അന്വേഷണം നിഷ്പക്ഷമായ രീതിയിൽ നടത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | വൈദ്യുത അപകടങ്ങൾ ഉണ്ടാകുമ്പോൾ നിഷ്പക്ഷമായ അന്വേഷണങ്ങൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 161 സെക്ഷൻ പ്രകാരം വൈദ്യുത അപകടങ്ങളുടെ അന്വേഷണം നടത്തുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നാണ്. നിഷ്പക്ഷമായ രീതിയിൽ തന്നെയാണ് അപകട അന്വേഷണം നടക്കുന്നത്. |
| (സി) | ഇപ്രകാരം അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | <u>ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം</u><br><br>1. പ്രായവും മാസവേതനവും അനുസരിച്ച് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ |

വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ).

2. KSEB EWF- ന്റെ അപകട ആശ്വാസധനസഹായ പദ്ധതി 2021 പ്രകാരം 10ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപയും) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം</u>.

1. പ്രായവും മാസവേതനവും അനുസരിച്ച 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/-രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലി ക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരി ഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടി ക്രമങ്ങൾ പാലിച്ചുവരുന്നു.<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻ സേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവ ദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യ ങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ